മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) † 32. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) † 12. ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 886

(ഡി) ഉദ്ദേശം 15 കൊല്ലം

(ഈ) ഗവണ്മെൻറിൽ നിന്നും ആവിഷ്കരിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ വിപുലീകരണപദ്ധതിയിൽ വേണ്ടത്ര അദ്ധ്യാപകർക്കു പരിശീലനം നൽകുവാനുള്ള പരിപാടിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുമൂലം സംസ്ഥാനത്തിൻറെ ആവശ്യാനുസരണം അദ്ധ്യാപകരെ പരിശീലിപ്പിക്കുവാൻ സാധിക്കുമെന്നാണ് ഗവണ്മെൻറ് വിശ്വസിക്കുന്നത്.

ഇലക്ട്രിസിറ്റി വിതരണം.

*412. [46] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സ്ഥലത്തേയ്ക്ക് ഇലക്ട്രിസിറ്റി വിതരണം ചെയ്യുവാനുള്ള മാനദണ്ഡമെന്താണ്;

(ബി) അതു നിശ്ചയിക്കുന്നതു് ആരാണ്;

(സി) പി. ഡബ്ലിയു. ഡി. വർക്ക്സ് കമ്മറ്റി പോലെ ഇലക്ട്രിസിറ്റി സംബന്ധിച്ചും ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇന്നു നിലവിലുള്ള ഏർപ്പാടു് അനുസരിച്ചു് ഒരു സ്ഥലത്തേയ്ക്കു് ഇലക്ട്രിസിറ്റി വിതരണം നടത്തുന്നതിന് മുതൽ മുടക്കിൻറെ 5 ശതമാനം വാർഷിക ആദായം ലഭിക്കുമെന്നു ബോദ്ധ്യം വരുകയോ അല്ലാത്തപക്ഷം ഈ നിരക്കനുസരിച്ചുള്ള ആദായത്തിനു കക്ഷികളിൽ നിന്നും മിനിമം ചാർജിനറി എഗ്രിമെൻറ് കിട്ടുകയോ വേണം.

(ബി) മാനദണ്ഡം നിശ്ചയിക്കുന്നതു് ഗവണ്മെൻറാണ്. എന്നാൽ ഏതെങ്കിലും ഒരു പദ്ധതി ഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചു് ആദായകരമായിട്ടുള്ളതാണോ എന്നു നിശ്ചയിക്കുന്നതു് ചീഫ് ഇഞ്ചിനിയരും സൂപ്രണ്ടിംഗ് ഇഞ്ചിനിയറന്മാരും ആകുന്നു.

(സി) ഈ കാര്യം ഗവണ്മെൻറിൻറെ ആലോചനയിൽ ഇരിക്കുകയാണ്.

വർക്ക്സ് കമ്മിറ്റി.

*413. [47] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞബഡ്ജറ്റ് സമ്മേളനത്തിനുശേഷം ഏതെല്ലാം സബ്ഡിവിഷനുകളിൽ വർക്ക്സ് കമ്മിറ്റി കൂടിയിട്ടുണ്ട്;

(ബി) മൂവാറ്റുപുഴ സബ്ഡിവിഷൻ കമ്മിറ്റി കൂടാതിരിക്കുവാൻ ഉള്ളകാരണം എന്താണ്;

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly

(സി) വർക്ക്സ് കമ്മിറ്റി ശുപാർശ ചെയ്യാത്ത ജോലികൾ ചെയ്യുന്ന പതിവുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) തിരുവനന്തപുരം ഈസ്റ്റ് സബ്ഡിവിഷൻ, വെസ്റ്റ് സബ്ഡിവിഷൻ, ആറ്റിങ്ങൽ, മൂന്നാർ, ചിറ്റൂർ, ഈ അഞ്ചു് സബ്ഡിവിഷനുകൾ ഒഴികെ ബാക്കി എല്ലാ സബ്ഡിവിഷനിലും വർക്ക്സ് കമ്മിറ്റികൾ കൂടിയിട്ടുണ്ടു്.

(ബി) ഈ സബ്ഡിവിഷനിലും കമ്മിറ്റി കൂടിയിട്ടുണ്ടു്.

(സി) സാധാരണ പതിവില്ല. എന്നാൽ വളരെ ചുരുക്കം ചില അത്യാവശ്യസന്ദർഭങ്ങളിൽ പൊതുജനനന്മയെ ലാക്കാക്കി അപ്രകാരം ചെയ്യാറുണ്ടു്.

എൻ. ഇ. എസ്. ബ്ലോക്കുകൾ

* 414. [48] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിനു് ഈ സാമ്പത്തികവർഷത്തിൽ എത്ര എൻ. ഇ. എസ്. ബ്ലോക്കുകൾ കേന്ദ്രത്തിൽനിന്നു് അനുവദിച്ചിരിക്കുന്നു;

(ബി) അനുവദിച്ചിട്ടുള്ള ബ്ലോക്കുകൾ ഏതെല്ലാം സ്ഥലങ്ങളിലാണു് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതു്;

(സി) എൻ. ഇ. എസ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതിൽ ഗവണ്മെൻറിന്റെ നയം എന്താണു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അഞ്ചു്.

(ബി) 1. നെന്മാറ
2. റാന്നി
3. കഴക്കൂട്ടം
4. ആയ്യാട്ടു്
5. ചങ്ങനാശേരി

(സി) 1. ഏകദേശം 66,000 മുതൽ ഒരു ലക്ഷംവരെ ജനങ്ങൾ അധിവസിക്കുന്നതും അന്യോന്യം ചേർന്നു് ഒറ്റ ബ്ലോക്കായി കിടക്കുന്നതുമായിരിക്കണം.

2. അഞ്ചോ, ആറോ പഞ്ചായത്തുകൾ പൂർണ്ണമായി അടങ്ങിയിരിക്കുന്ന പ്രദേശമായിരിക്കണം.

3. ബ്ലോക്കു് സ്ഥാപിക്കുന്ന താലൂക്കിൽ ബാക്കിയുള്ള പ്രദേശങ്ങൾ മറ്റു ബ്ലോക്കുകളായി തിരിക്കാൻ തടസ്സമില്ലാത്തവിധത്തിൽ സ്ഥിതിചെയ്യുന്നതായിരിക്കണം.

4. വികസനത്തിനു് വേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

5. ജനങ്ങൾ സഹകരണമനഃസ്ഥിതിയുള്ളവരായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly